II ഇ.ബി. XIകേരള നിയമസഭ/IV16

# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 9, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

119 (*377, *397) ആരോഗ്യ മേഖല നവീകരിക്കാൻ നടപടി

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) നൽകിയ മറുപടിയിൽ, ആരോഗ്യ വകുപ്പ് നവീകരിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാരിന്റെ പദ്ധതി വിഹിതം, സംസ്ഥാന പദ്ധതി വിഹിതം, വിദേശസഹായം എന്നിവയിൽ നിന്നാണ് ഇതിനാവശ്യമായ ഫണ്ട് ലഭ്യമാകുന്നത്. ഇതിനു പുറമെ സന്നദ്ധ സംഘടനകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹായസഹകരണവും ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നു. ആരോഗ്യ മേഖലയുടെ നവീകരണത്തിനായി ഹെൽത്ത് സിസ്റ്റം പ്രോജക്ടിനുവേണ്ടി മുൻഗവൺമെന്റ് ലോകബാങ്കിന്റെ സഹായം തേടിയിരുന്നു. പ്രോജക്ട് റിപ്പോർട്ട് ലോകബാങ്കിന്റെ ഫോർമാറ്റിൽ അല്ലാത്തതിനാലും റിപ്പോർട്ട് അപൂർണ്ണ മായിരുന്നതിനാലും സ്ഥിതിവിവരക്കണക്കുകൾ കാലഹരണപ്പെട്ടതിനാലും കേന്ദ്ര സർക്കാർ മടക്കി അയച്ചു. ഇപ്പോൾ ഹൈദ്രാബാദ് സ്റ്റാഫ് കോളേജ് തയ്യാറാക്കിയ ഹെൽത്ത് സിസ്റ്റം പ്രോജക്ട് റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ചുകഴിഞ്ഞാൽ ഉടൻതന്നെ ലോകബാങ്കിന്റെ സഹായത്തിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. ആശുപത്രികളുടെ നവീകരണത്തിനും വികസനത്തിനുമായി ഗവൺമെന്റ് താഴെ പറയുന്ന നടപടികൾ നടപ്പിലാക്കിവരുന്നു:

1. ജില്ലാ ആശുപത്രികളിൽ കാർഡിയോളജി, നെഫ്രോളജി, സൈക്യാട്രി തുടങ്ങിയ സ്പെഷ്യാലിറ്റി വകുപ്പുകൾ തുടങ്ങുന്നതിനാവശ്യമായ തുക പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്.

2. വന്ധ്യതാ പ്രശ്നങ്ങൾ കണക്കിലെടുത്ത് ചികിൽസയ്ക്കും രോഗനിർണ്ണയ ത്തിനുമായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. ഡന്റൽ ക്ലിനിക്കുകൾക്കും അംഗവൈകല്യം തടയുന്നതിനും നവീന ഉപകരണ ങ്ങൾ വാങ്ങുന്നതിനും ആവശ്യമായ തുകകൾ ഈ സാമ്പത്തികവർഷം വകയിരുത്തിയിട്ടുണ്ട്.

4. ദേശീയ പാതയിലും സംസ്ഥാന പാതകളിലും റോഡപകടങ്ങളിൽ അടിയന്തിര വൈദ്യസഹായത്തിനുവേണ്ടി (ട്രോമാകെയർ) 50 ലക്ഷം രൂപ പദ്ധതിയിനത്തിൽ വകകൊള്ളിച്ചിട്ടുണ്ട്.

5. ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ അലോപ്പതി ആശുപത്രികളുടെ നവീകരണത്തിനും ലക്ഷ്യമിടുന്ന പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നു. ഇതിലേക്ക് 785 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. ഇവ കൂടാതെ ആശുപത്രികളുടെ നവീകരണത്തിന് ലോകബാങ്ക് സഹായത്തോടെ യുള്ള ആർ.സി.എച്ച്. പദ്ധതി ആരോഗ്യ വകുപ്പിൽ നടപ്പിലാക്കിവരുന്നു.

7. റീജിയണൽ ഡൈഗ്നോസ്റ്റിക് സെന്റർ പണിയുവാൻ മൂന്നു കോടി രൂപയും ക്യാൻസർ കെയറിനുവേണ്ടി 3.50 കോടി രൂപയും ആധുനിക ട്രോമാകെയർ പണിയുന്നതിന് 1.50 കോടി രൂപയും എറണാകുളം ജനറലാശുപത്രിക്ക് അനുവദിച്ചിട്ടുണ്ട്. കൊല്ലം, പാലക്കാട് എന്നീ ജില്ലകളിൽ റീജിയണൽ ഡൈഗ്നോസ്റ്റിക് സെന്റർ തുടങ്ങുന്നതിന് 3 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഹെൽത്ത് സിസ്റ്റം പ്രോജക്ടിനുവേണ്ടി 810 കോടി രൂപയുടേയും മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികളുടെ വികസനത്തിനായി 122 കോടി രൂപയുടേയും പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി നവീകരിക്കുവാനും ഇൻസ്പെക്ടറേറ്റ് വിഭാഗം ശക്തിപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു. ഈ പരിപാടികൾ അഞ്ചുവർഷംകൊണ്ട് ഘട്ടംഘട്ടമായി പൂർത്തിയാകുന്നതാണ്. ആരോഗ്യ വകുപ്പിൽ പദ്ധതിയിനത്തിൽ ആകെ 126.31 കോടി രൂപ ഈ സാമ്പത്തികവർഷം ഇതിനായി വകയിരുത്തിയിട്ടുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സംസ്ഥാന പദ്ധതിയിനത്തിൽ 300 ലക്ഷം രൂപയും (5 വർഷത്തെ അടങ്കൽ) കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 200 ലക്ഷം രൂപയുമാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് രൂപപ്പെടുത്തിയിട്ടുള്ള ഇൻഷുറൻസ് പദ്ധതി നടപ്പിലായാൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാവർക്കും സൗജന്യ ചികിൽസ ലഭിക്കും. ഒരു വർഷം 250 രൂപ പ്രീമിയം അടയ്ക്കുന്നവർക്ക് 20,000 രൂപയുടെ ചികിൽസ സൗജന്യമായി ലഭിക്കും. സംസ്ഥാനത്തെ ഒന്നുരണ്ടു മെഡിക്കൽ കോളേജുകളിലെങ്കിലും ഹൃദ്രോഗ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. പൊതുജനങ്ങളുടേയും സാമൂഹ്യ-സാംസ്കാരിക സംഘടനകളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടേയും സഹായത്തോടെ ആശുപത്രി വികസന പ്രവർത്തനങ്ങൾക്ക്

തുടക്കം കുറിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഇതിനുവേണ്ടി യോഗം ചേരുകയും ഒന്നരക്കോടിയോളം രൂപ സമാഹരിക്കുകയും ചെയ്തു. ജൂലൈ 6–ാം തീയതി തൃശൂർ മെഡിക്കൽ കോളേജിൽ യോഗം ചേർന്നപ്പോൾ പൊതുജനങ്ങളുടെ പൂർണ്ണ സഹകരണം ലഭിച്ചിട്ടുണ്ട്. ജൂലൈ 13–ാം തീയതി കോഴിക്കോട് മെഡിക്കൽ കോളേജിൽ വിളിച്ചിട്ടുള്ള യോഗത്തിലും ജനങ്ങളുടെ സഹകരണം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പണി പൂർത്തിയായ ആശുപത്രി കെട്ടിടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ ചെലവിൽ ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാൻ തയ്യാറാവുകയാണെങ്കിൽ അവർക്ക് വേണ്ട സഹായം സർക്കാർ നൽകുന്നതാണ്. കേന്ദ്ര സഹായത്തോടെയുള്ള ആർ.സി.എച്ച്. പ്രോഗ്രാം തുടങ്ങിയത് വളരെ വൈകിയാണ്. അതുകൊണ്ട് ഉദ്ദേശിച്ച രൂപത്തിൽ പണം ചെലവഴിക്കാൻ സാധിച്ചില്ല. ആർ.സി.എച്ച്. പ്രോഗ്രാമിന് തുക ചെലവഴിച്ചതിനെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആർ.സി.എച്ച്. പ്രോഗ്രാം അനുസരിച്ചുള്ള കെട്ടിടങ്ങൾ പൂർത്തിയാക്കേണ്ട ചുമതല അതാതു പഞ്ചായത്തുകൾക്കാണ്. കെട്ടിട നിർമ്മാണത്തിനുള്ള പണം പഞ്ചായത്തുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് നൽകിയിട്ടുള്ളത്. കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കാത്ത പഞ്ചായത്തുകളുടെ യോഗം സംസ്ഥാനതലത്തിൽ ഡിസംബർ മാസം വിളിച്ചുകൂട്ടുകയും ജനുവരി 31–നകം പണി പൂർത്തിയാക്കിയില്ലെങ്കിൽ അനുവദിച്ച പണം പിൻവലിക്കുമെന്നു പറയുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചില പഞ്ചായത്തുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പണി പൂർത്തിയാക്കിയിട്ടുണ്ട്. ഇനിയും പണി പൂർത്തിയാക്കാത്ത പഞ്ചായത്തുകളുണ്ടെങ്കിൽ അവരെ ഒഴിവാക്കി വേറെ പഞ്ചായത്തുകൾക്ക് ഈ പദ്ധതി നൽകാൻ ഗവൺമെന്റ് നിർബന്ധിതമാകുമെന്ന് അറിയിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികളും സന്നദ്ധസംഘടനകളും ആതുര സേവനരംഗത്ത് പ്രവർത്തിക്കുന്നവരും സർക്കാർ ആശുപത്രികളുടെ നവീകരണത്തിനായി തുടങ്ങാൻ ഉദ്ദേശിക്കുന്ന പരിപാടികൾ ഗവൺമെന്റുമായി സഹകരിച്ച് ചെയ്യാവുന്നതാണ്. ആരോഗ്യ വകുപ്പു സെക്രട്ടറിയും ആരോഗ്യ വകുപ്പ് ഡയറക്ടറും ആഴ്ചയിലൊരിക്കൽ ഒരാശുപത്രിയെങ്കിലും സന്ദർശിച്ച് ശുചീകരണപ്രവർത്തനങ്ങൾ വിലയിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പേ ക്ലിനിക്കുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. ഐ.പി.ഡി. പ്രോജക്ടിൽ നേരത്തേ നിയമിച്ച പലരും ജോലി ചെയ്യുന്നില്ല എന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അവിടത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.. മെഡിക്കൽ കോളേജുകൾ, ജില്ലാ – താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഇൻർനെറ്റ് കമ്പ്യൂട്ടർ സംവിധാനത്തിനുള്ള പദ്ധതി തയ്യാറാക്കി വരികയാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

120 (*378) <u>സമ്പൂർണ്ണ ശുചിത്വയജ്ഞം</u>

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. സി.എഫ്. തോമസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആരോഗ്യ മേഖലയിൽ സമ്പൂർണ്ണ ശുചിത്വയജ്ഞം കോട്ടയം, കൊല്ലം, കാസർകോട്, തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പത്താം പദ്ധതിക്കാലത്തുതന്നെ ശേഷിക്കുന്ന ഏഴ് ജില്ലകളിൽക്കൂടി സമ്പൂർണ്ണ ശുചിത്വ യജ്ഞ പദ്ധതി വ്യാപിപ്പിക്കുവാൻ പരിപാടിയുണ്ട്. ഇതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ പുതിയ സി.ആർ.എസ്.പി. മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു ജില്ലയ്ക്ക് പരമാവധി 20 കോടി രൂപയുടെവരെ പ്രോജക്ട് കോസ്റ്റ് ആകാവുന്നതാണ്. അതുപ്രകാരം ഒരു ജില്ലയ്ക്ക് ഗുണഭോക്തൃവിഹിതം, സംസ്ഥാനവിഹിതം എന്നിവ കഴിച്ച് പരമാവധി 1340 ലക്ഷം രൂപ വരെ കേന്ദ്ര സഹായം ലഭിക്കും. അപ്രകാരം ഏഴു ജില്ലകൾക്കുകൂടി 9380 ലക്ഷം രൂപ വരെ കേന്ദ്രസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് സംസ്ഥാന വിഹിതമായി 535 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കാനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഈ പദ്ധതി ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ ചെയർമാനായ സാനിറ്റേഷൻ കമ്മിറ്റിയാണ് ജില്ലയിൽ നടപ്പാക്കുന്നത്. ഇതിൽ ജില്ലാ കളക്ടർ എക്സിക്യൂട്ടീവ് ഡയറക്ടറും ഗ്രാമ വികസന വകുപ്പിലെ പ്രത്യേക ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്ററുമായിരിക്കും. അതിനു താഴെ ബ്ലോക്ക് സമിതിയും പഞ്ചായത്തു സമിതിയും വാർഡ് സമിതിയുമുണ്ട്. ഓരോ വാർഡിലും ആരോഗ്യ സേനയ്ക്ക് രൂപം കൊടുക്കും. അയൽക്കൂട്ടങ്ങളാണ് ഈ പദ്ധതി ഇംപ്ലിമെന്റ് ചെയ്യുന്നത്. സ്കൂളുകളിലെ കക്കൂസ് നിർമ്മാണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

121 (*379) പശ്ചിമഘട്ട വികസനം

മുഖ്യമന്ത്രി (ശ്രീ. എ.കെ.ആന്റണി) നൽകിയ മറുപടിയിൽ, പത്താം പഞ്ചവൽസര പദ്ധതിയിലെ ആദ്യവർഷമായ 2002-03 സാമ്പത്തികവർഷത്തിൽ പശ്ചിമഘട്ട വികസന പരിപാടിക്കായി 13.13 കോടി രൂപ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പത്താം പദ്ധതിക്കാലത്തെ മറ്റുവർഷങ്ങളിലേക്കുള്ള തുക കേന്ദ്രത്തിൽനിന്നും അറിയിച്ചിട്ടില്ല. പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി സംസ്ഥാന ഗവൺമെന്റിനു ലഭിക്കുന്ന പ്രോജക്ടുകൾ കേന്ദ്ര ഗവൺമെന്റിലേക്ക് സമർപ്പിക്കേണ്ട ആവശ്യമില്ല. 2002-03 സാമ്പത്തിക വർഷത്തിലേക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ പശ്ചിമഘട്ട വികസന പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാനതല കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) തയ്യാറാക്കി 3-7-2002-ൽ കേന്ദ്ര ആസൂത്രണ

കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. പശ്ചിമഘട്ട വികസന പരിപാടിയുടെ 2002-03-ലെ സംസ്ഥാനതല കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) തയ്യാറാക്കി സമർപ്പിക്കുവാൻ കുറച്ചു കാലതാമസം

വന്നിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണം ഫലവത്തായി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി പത്താം പദ്ധതി ആരംഭം മുതൽ പശ്ചിമഘട്ട വികസന പരിപാടികൾ പഞ്ചായത്തുരാജ് സ്ഥാപനങ്ങളുടേയും സന്നദ്ധസംഘടനകളുടേയും സഹകരണത്തോടെ നടപ്പിൽ വരുത്തുവാൻ ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും സാവകാശം ആവശ്യമായി വന്നതുകൊണ്ടാണ് കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) സമർപ്പിക്കുവാൻ കുറച്ച് കാലതാമസം വന്നിട്ടുള്ളത്.. പശ്ചിമഘട്ട വികസന പരിപാടിക്കായി കേന്ദ്രം അനുവദിച്ച തുക നഷ്ടമാകുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. കർമ്മ പരിപാടിക്ക് കേന്ദ്ര സഹായത്തിന്റെ ആദ്യ ഗഡുവായി 437 ലക്ഷം രൂപ അനുവദിച്ചതായി ഇപ്പോൾ വിവരം ലഭിച്ചിട്ടുണ്ട്. പശ്ചിമഘട്ട വികസന പരിപാടിക്ക് ഓരോ വർഷവും കൂടുതൽ തുക ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് പ്രത്യേക മാനദണ്ഡം അനുസരിച്ചാണ് തുക അനുവദിക്കുന്നത്.. സമഗ്രമായ നീർത്തട വികസനം, ആ പ്രദേശങ്ങളിലെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കൽ, വനഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തൽ എന്നിവയാണ് ഈ പദ്ധതി അനുസരിച്ച് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ. വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ജില്ലകൾക്ക് നൽകിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി അറിയിച്ചു.

122 (*380) മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആശുപത്രികളാക്കി മാറ്റാൻ നടപടി

ആരോഗ്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആശുപത്രികളായി പ്രവർത്തിക്കുകയാണെന്നും മറ്റ് മെഡിക്കൽ കോളേജ് ആശുപത്രികൾ റഫറൽ ആക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്നും സഭയെ അറിയിച്ചു. മെഡിക്കൽ കോളേജ് കേന്ദ്രമാക്കി ടെലി മെഡിസിൻ സമ്പ്രദായം നടപ്പിലാക്കാനുള്ള പരിപാടിയെക്കുറിച്ച് ആലോചിച്ചുവരികയാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

123(*382) ചികിത്സാ സ്ഥാപനങ്ങൾ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് കൈമാറാൻ നടപടി

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, പഞ്ചായത്ത് രാജ് നഗരപാലികാ നിയമങ്ങളിലെ വ്യവസ്ഥപ്രകാരം ആരോഗ്യം (അലോപ്പതി), നാട്ടുചികിത്സ (ആയുർവേദം),

ഹോമിയോപ്പതി എന്നീ വിഭാഗങ്ങളിൽപ്പെട്ട പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ മുതൽ ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ വരെ പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുണ്ടെന്ന് അറിയിച്ചു. ആരോഗ്യ വകുപ്പിൽ 1166 സ്ഥാപനങ്ങളും നാട്ടുചികിത്സാ

വകുപ്പിൽ 839 സ്ഥാപനങ്ങളും ഹോമിയോപ്പതി വകുപ്പിൽ 568 സ്ഥാപനങ്ങളും ഇതുവരെ കൈമാറിയിട്ടുണ്ട്.

124(*383) <u>കൃത്രിമ ലിമ്പ് ഫിറ്റിംഗ് സെന്ററുകൾ</u>

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലാ ആശുപത്രികളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിക്കുന്ന ലിമ്പ് ഫിറ്റിംഗ് സെന്ററുകളിലും തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ലിമ്പ് ഫിറ്റിംഗ് സെന്ററുകളിലും കൃത്രിമ ലിമ്പ് നിർമ്മാണം നടക്കുന്നുണ്ടെന്നറിയിച്ചു.

125(*384) <u>അന്ധതാ നിവാരണ പ്രവർത്തനങ്ങൾ</u>

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ദേശീയ അന്ധതാ നിയന്ത്രണ പരിപാടി (100 % കേന്ദ്രാവിഷ്കൃതം) താഴെപ്പറയുന്ന സംവിധാനങ്ങൾ വഴി നടപ്പിലാക്കി വരുന്നുണ്ടെന്ന് അറിയിച്ചു.

1. സഞ്ചരിക്കുന്ന നേത്രവിഭാഗം – 17
2. ജില്ലാ ആശുപത്രികൾ – 14
3. താലൂക്ക് ആശുപത്രികൾ ( മേജർ ആശുപത്രികൾ) – 48
4. പി. എച്ച്. സി. – സി. എച്ച്. സി. –237
5. മെഡിക്കൽ കോളേജുകൾ – 5
6. റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് – 1
7. ഒഫ്ത്താൽമിക് അസിസ്റ്റന്റ് പരിശീലന കേന്ദ്രം (മെഡിക്കൽ കോളേജുകൾ) –5
8. നേത്രബാങ്ക് –12

കൂടാതെ 14 ജില്ലകളിലും ജില്ലാ അന്ധതാ നിയന്ത്രണ സമിതികൾ, സന്നദ്ധ സംഘടനകൾ, ഗവൺമെന്റ് ഇതര സംഘടനകൾ, സ്വകാര്യ ആശുപത്രികൾ എന്നിവയും ഈ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നു. തിമിര ശസ്ത്രക്രിയ പരിപാടി, നേത്രചികിത്സ, സ്ക്കൂളുകളിൽ കാഴ്ച പരിശോധനാ പരിപാടി, നിർദ്ധന വിദ്യാർത്ഥികൾക്ക് കണ്ണട വിതരണം, നേത്രദാന പ്രവർത്തനങ്ങൾ, നേത്രപടല ശസ്ത്രക്രിയ, നേത്ര ആരോഗ്യ വിദ്യാഭ്യാസം എന്നീ പദ്ധതികളും നടത്തിവരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ച പ്രകാരം 8 ജില്ലകളിൽ സർവ്വേ നടത്തി പൂർണ്ണമായി അന്ധത ബാധിച്ചവരെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇവരെ ചികിത്സിച്ച് ഭേദപ്പെടുത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ അതാത് ജില്ലകളിൽ തയ്യാറാക്കി വരുന്നു. അന്ധതാ നിവാരണത്തിനായി കേന്ദ്ര ഗവൺമെന്റ് 55.5 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 27.75 ലക്ഷം രൂപ അനുവദിച്ചുകിട്ടി. 2001–2002 –ൽ ജില്ലാ അന്ധതാ നിവാരണ സൊസൈറ്റികൾക്ക് കേന്ദ്രം 69 ലക്ഷം രൂപ അനുവദിച്ചു.

126 (* 386) <u>പഞ്ചവത്സര പദ്ധതിയുടെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിച്ച പ്രയോജനം</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ഇതുവരെ നടപ്പിലാക്കിയ പഞ്ചവത്സര പദ്ധതികളിലൂടെ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് വിദ്യാഭ്യാസം, സാമൂഹിക വികസനം, സാമ്പത്തിക വികസനം, ഭവന നിർമ്മാണം, സ്വയം തൊഴിൽ എന്നിങ്ങനെ വിവിധ മേഖലകളിൽ ഗണ്യമായ ഫലം കൈവരിക്കാനായിട്ടുണ്ടെന്ന് അറിയിച്ചു.

127 (*387) <u>വായു ജല മലിനീകരണം തടയാൻ നിലവിലുള്ള പദ്ധതികൾ</u>

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, വായു ജല മലിനീകരണം തടയാൻ 1974–ലെ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1981–ലെ വായു മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം എന്നിവ അനുസരിച്ചുള്ള നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചു. കൂടാതെ പരിസ്ഥിതി സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള നടപടികളും എടുത്തുവരുന്നു. ഈ നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്ലോബൽ എൻവയോൺമെന്റൽ മോണിറ്ററിംഗ് സിസ്റ്റം, മോണിറ്ററിംഗ് ഓഫ് ഇൻഡ്യൻ നാഷണൽ അക്വാറ്റിക് റിസോഴ്സസ് സ്കീം, നാഷണൽ എയർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാം, പമ്പാ ആക്ഷൻ പ്ലാൻ, സോണിംഗ് അറ്റ്ലസ് ഫോർ സൈറ്റിംഗ് ഓഫ് ഇൻഡസ്ട്രീസ്, എൻവയോൺമെന്റൽ ക്വാളിറ്റി മോണിറ്ററിംഗ്, പൊതുജന ബോധവൽക്കരണ പരിപാടികൾ, ഇൻസെന്റീവ് ഫോർ പൊല്യൂഷൻ കൺട്രോൾ, കോമൺ ഫെസിലിറ്റി ഫോർ വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജല വായു മലിനീകരണം തടയുന്നതിനായി Study of heavy metal accumulation in the lower stretches of Periyar, Inventisation of industries – Municipal solid waste dumping yards – hospitals in Kerala , Ground Water Contamination around K. M. M. L, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരസഭകൾക്കു വേണ്ടിയുള്ള കർമ്മ പദ്ധതി, ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് സ്കീം ( Phase II)എന്നീ പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

128 (*399) <u>ഗുണമേന്മയില്ലാത്ത ആയുർവേദ മരുന്നുകൾ</u>

ആരോഗ്യവകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഗുണമേന്മയില്ലാത്ത ആയുർവേദ മരുന്നുകളുടെ ഉൽപ്പാദനം തടയുന്നതിനായി അരിഷ്ഠാസവങ്ങളിൽ ആൽക്കഹോളിന്റെ അളവ് ഗുണനിലവാരമാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ലബോറട്ടറി പരിശോധന വഴി ഉറപ്പു വരുത്തണമെന്ന കർശനമായ നിർദ്ദേശം എല്ലാ ഔഷധ നിർമ്മാതാക്കൾക്കും നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഇതിനാവശ്യമായ സംവിധാനം ഇല്ലാത്ത നിർമ്മാതാക്കളുടെ

ലൈസൻസ് ഭാഗികമായി സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നു. ചട്ടം ലംഘിക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

137 (2326) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അന്വേഷണ കമ്മീഷനുകൾ

സംസ്ഥാനത്ത് മദ്യദുരന്തം അന്വേഷിക്കുന്ന ജസ്റ്റിസ് വി. പി. മോഹൻ കുമാർ കമ്മീഷനും തുമ്പ പോലീസ് വെടിവെയ്പ്പിനെക്കുറിച്ച് അന്വേഷിക്കുന്ന ജി. രാജപ്പനാചാരി കമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

138 (2377) സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ

സംസ്ഥാനത്ത് സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ 5546 പേരും ആശ്രിതർക്കുള്ള പെൻഷൻ 4007 പേരും കൈപ്പറ്റുന്നുണ്ട്.

139 (2379) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകിയ ധനസഹായം

2001–2002 –ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2,32,60,298 രൂപ നൽകിയിട്ടുണ്ട്.

140 (2394) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സിസ്റ്റത്തെക്കുറിച്ചും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിനെ ആഡിറ്റ് ഏൽപ്പിക്കുന്നത് സംബന്ധിച്ചും നടന്ന യോഗത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇക്കാര്യങ്ങളിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിക്കുന്നതിലേയ്ക്കായി അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), പ്ലാനിംഗ് സെക്രട്ടറി, ഫൈനാൻസ് റിസോഴ്സസ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

141 (2399) ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നികുതി വിഹിതം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 40.14 കോടി രൂപ ബേസിക് ടാക്സ് ഗ്രാന്റും 97.16 കോടി രൂപ വെഹിക്കിൾ ടാക്സ് കോമ്പൻസേഷനും 48.33 കോടി രൂപ റൂറൽ പൂൾ ഗ്രാന്റും ഉൾപ്പെടെ 185.63 കോടി രൂപ (31–3–2002) വരെ കുടിശ്ശിക നൽകാനുണ്ട്.

142 (2400) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ ഇനങ്ങളിലായി സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി സഹായധനം, പ്ലാൻ സ്കീം (കൈമാറ്റം ചെയ്ത പരിപാടികൾക്കുള്ളത്), നോൺ പ്ലാൻ സ്കീം (കൈമാറ്റം ചെയ്ത പരിപാടികൾ

ക്കുള്ളത്), സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം, വി. റ്റി. സി./വി. ആർ. എം., അടിസ്ഥാന നികുതി ഗ്രാന്റ്, പഞ്ചായത്തുകൾക്കുള്ള ധനസഹായം, മറ്റ് പലവക ഗ്രാന്റുകൾ (റൂറൽ പൂൾ ഉൾപ്പെടെയുള്ളത്) എന്നീ ഇനങ്ങളിലാണ് സർക്കാർ തുക അനുവദിച്ചു വരുന്നത്.

143 (2477) കേന്ദ്ര ഖാദി കമ്മീഷനിൽ നിന്ന് സംസ്ഥാന ഖാദി ബോർഡിന് ലഭിച്ച തുക

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നും സംസ്ഥാന ഖാദി ബോർഡിന് 2,90,31,182 രൂപ ലഭിച്ചു.

---------